**പതിനാലാം കേരളനിയമസഭ**

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.215 — 06.02.2018 ന് മറുപടിയ്ക്ക്.

## വനമേഖലയിൽ നടത്തിയിട്ടുള്ള വേനൽക്കാല മുന്നൊരുക്കങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.സി.ദിവാകരൻ<br>ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ<br>ശ്രീ.മുഹമ്മദ് മുഹസിൻ.പി | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വരുന്ന വേനൽക്കാലത്തെ നേരിടാൻ വനമേഖലയിൽ നടത്തിയിട്ടുള്ള മുന്നൊരുക്കങ്ങൾ വ്യക്തമാക്കുമോ; | (എ) വേനൽക്കാലത്ത് ജല-ഭക്ഷണ ലഭ്യത ഉറപ്പു വരുത്തുന്നതിന് വനത്തിനുള്ളിലെ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും, ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയവ നിർമ്മിക്കുന്നതിനുമുള്ള പദ്ധതികൾ കഴിഞ്ഞ വർഷങ്ങളിൽ എന്ന പോലെ ഈ വർഷവും സ്വീകരിച്ചു വരുന്നുണ്ട്. കേരളത്തിലെ വനമേഖലകളിലാകെ ഇതുവരെ ഏകദേശം 3000-ഓളം ജലസ്രോതസ്സുകൾ (Waterhole, Vayals, Waterspread) നവീകരിച്ചിട്ടുണ്ട്. 2016-17 വർഷം 67 ചതുപ്പു പ്രദേശങ്ങളിൽ (Vayals) മൺബണ്ടുകൾ നിർമ്മിക്കുകയും 30 എണ്ണത്തിൽ ചെടികൾ നട്ട് ബലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ വനത്തിനുള്ളിൽ 141 ചെക്ക്ഡാമുകൾ അറ്റകുറ്റപ്പണികൾ നടത്തുകയും, 91 താല്ക്കാലിക തടയണകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. 2017-18-ൽ നാളിതുവരെ 86 ജലസ്രോതസ്സുകൾ നവീകരിച്ചിട്ടുണ്ട്. കഴിഞ്ഞ വേനൽക്കാലത്ത് നിലമ്പൂർ, ചിന്നാർ വന്യജീവി സങ്കേതം എന്നിവിടങ്ങളിൽ ലോറിയിൽ വെള്ളമെത്തിച്ച് കുളങ്ങൾ നിറച്ചതുപോലെ, ആവശ്യമുള്ള പക്ഷം ഈ വർഷവും ഇത്തരം പ്രവർത്തികൾ സ്വീകരിക്കുന്നതാണ്. വനത്തിനുള്ളിലെ വനവൽക്കരണത്തിന് ഫലവൃക്ഷതൈകൾ, പുല്ല്, ഈറ്റ എന്നിവ വച്ചുപിടിപ്പിച്ച് പരിപാലിക്കുന്നുണ്ട്. |
| (ബി) ജലലഭ്യതയും ഭക്ഷണലഭ്യതയും കുറയുന്നതിനാൽ വേനൽക്കാലത്ത് വന്യജീവികൾ കൂട്ടതലായി നാട്ടിലേക്കിറങ്ങാനുള്ള സാധ്യത കുറയ്ക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | (ബി) വേനൽക്കാലത്ത് ഭക്ഷണത്തിനും കുടിവെള്ളത്തിനും വന്യമൃഗങ്ങൾ കാടുവിട്ട് ജനവാസ കേന്ദ്രങ്ങളിലേക്ക് വരുന്നത് ഒഴിവാക്കാൻ വനത്തിനുള്ളിൽ ഭക്ഷണത്തിന്റേയും ജലത്തിന്റേയും ലഭ്യത ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കാട്ടിനുള്ളിലെ ചെക്ക്ഡാമുകളും, ജലസ്രോതസ്സുകളും നവീകരിക്കുകയും, കുളങ്ങൾ വൃത്തിയാക്കുകയും, |

ചെക്ക്ഡാമുകളുടെ ചോർച്ച അടച്ച് പരമാവധി ജലലഭ്യത ഉറപ്പു വരുത്തുകയും ചെയ്തിട്ടുണ്ട്. ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ കുളങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. വനത്തിനുള്ളിലെ വയലുകളിൽ ഉണ്ടായിരുന്ന അധിനിവേശ സസ്യങ്ങളെ നീക്കം ചെയ്ത് മൃഗങ്ങൾക്ക് ഭക്ഷ്യയോഗ്യമായ സസ്യങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തിയിട്ടുണ്ട്.

(സി) മൃഗങ്ങൾക്ക് ഭക്ഷണലഭ്യത ഉറപ്പാക്കുന്ന വിധത്തിൽ വനത്തിനുള്ളിൽ ഫലവൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ടോ;

(സി) വനത്തിനുള്ളിലെ വനവൽക്കരണത്തിന് ഫലവൃക്ഷതൈകൾ, പുല്ല്, ഈറ്റ എന്നിവ വച്ചു പിടിപ്പിച്ച് പരിപാലിക്കുന്നുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷം സംസ്ഥാനത്തെ വനമേഖലകളിൽ ഉദ്ദേശം 500 ഹെക്ടർ സ്ഥലത്ത് മുള തൈകൾ പുതിയതായി നട്ടു പിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) വനത്തിനുള്ളിൽ ഒരു പ്രത്യേക മേഖല വേലി കെട്ടിത്തിരിച്ച് അതിനുള്ളിലെ ഫലവൃക്ഷങ്ങൾ വളർച്ചയെത്തുന്നതുവരെ സംരക്ഷിച്ച് വളർത്തുന്ന രീതി പരീക്ഷിക്കുമോ; വ്യക്തമാക്കുമോ?

(ഡി) പദ്ധതിയുടെ പ്രായോഗികത പരിശോധിച്ച് നടപ്പിലാക്കാൻ കഴിയുന്നതാണെങ്കിൽ അത് പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.